


വിലാസം: കേരളകൗമുദി ഫ്ലാഷ്, പേട്ട, തിരുവനന്തപുരം.
email: tvmflash@gmail.com

## സത്യം വിചിത്രം



ഉരഗങ്ങൾക്കിടയിലെ കടുംപിടിത്തക്കാരനും അധികാരമോഹിയുമാണ് ഉടുമ്പ്. നമ്മുടെ നാട്ടിൻപുറങ്ങളിലും കാട്ടുപ്രദേശങ്ങളിലും കാണപ്പെടുന്ന ഉടുമ്പ് വരാനസ് ബംഗാളെൻസിസ് എന്ന ഇനമാണ്.

കുത്തനെയുള്ള പ്രതലത്തിൽ പോലും സഞ്ചരിക്കാനും ഒരു സ്ഥലത്ത് അള്ളിപ്പിടിച്ചിരിക്കാനും പ്രത്യേക കഴിവുണ്ട്. കൂർത്ത നഖങ്ങളും ഉറച്ച ശരീരവുമാണ് അതിന് സഹായിക്കുന്നത്. പണ്ടുകാലത്ത് ഉടുമ്പിന്റെ ഈ സവിശേഷത മനുഷ്യൻ നന്നായി ഉപയോഗപ്പെടുത്തിയിരുന്നു. ദുർഗമമായ കോട്ടകളിലും ഉയർന്ന സ്ഥലങ്ങളിലുമെത്താൻ ഉടുമ്പിനെ ഉപയോഗപ്പെടുത്തിയിരുന്നു. നീണ്ട ചരടിന്റെ അറ്റത്ത് ബന്ധിച്ചിട്ടുള്ള ഉടുമ്പിനെ കോട്ടമതിലിന്റെ മുകളിലേക്കെറിയും. അവിടെ അള്ളിപ്പിടിക്കുന്ന ഉടുമ്പ് പിന്നെ എത്ര ശ്രമിച്ചാലും ഇളകിവരില്ല. കായംകുളം കൊച്ചുണ്ണിയെപ്പോലുള്ളവർ ഇത്തരത്തിൽ ഉടുമ്പിനെ ഉപയോഗപ്പെടുത്തിയിരുന്നത്രേ.

# ചാക്യാർ മുക്ക്

### ◆മൈലേജ്

പുതുതായി ബൈക്ക് വാങ്ങിയ ശശിയോട് സുഹൃത്ത്: എത്ര മൈലേജ് കിട്ടും.
ശശി : ഒരുലിറ്റർ പെട്രോളടിച്ചാൽ തീരുംവരെ ഓടിക്കാം.

### ◆പരാതി

തങ്കപ്പൻ ശശിയോട്: നീ എന്റെ മകളുടെ പിന്നാലെ നടക്കുന്നെന്ന് അവൾ പരാതി പറഞ്ഞല്ലോ.
ശശി : ചേട്ടാ അവളെന്നെ തെറ്റിദ്ധരിച്ചതാ, ഞാനവളുടെ കൂട്ടുകാരിയുടെ പുറകെയാ നടക്കുന്നത്.
തങ്കപ്പൻ: അത്തന്നെയാടാ അവളുടെ പരാതി.

### ◆കൊളസ്ട്രോൾ

വെളിച്ചെണ്ണഒഴിച്ചുചോറുണ്ണുന്ന അച്ഛനോട് മകൾ : അച്ഛനു കൊളസ്ട്രോൾ അങ്ങേയറ്റമാ. അത് മറന്നോ.
അച്ഛൻ: നീ പോടി. എണ്ണ ഒഴിച്ചെന്തും കഴിച്ചോളാനാ ഡോക്ടർ പറഞ്ഞിരിക്കുന്നത്.

### ◆മുഖം

ഭാര്യ ഭർത്താവിനോട്: ഇനി വോട്ടിടുമ്പോൾ സ്ഥാനാർത്ഥിയുടെ മുഖവും കാണാമെന്ന്.
ഭർത്താവ്: ജയിച്ചുകഴിഞ്ഞാൽ പിന്നെ മുഖം കാണാൻ കിട്ടില്ലല്ലോ.

### ◆പണം

ജഡ്ജി: നീ ആ വഴിപോക്കനിൽനിന്നു പണം തട്ടിപ്പറിച്ചോ.
കള്ളൻ: ഞാൻ കത്തി കാണിച്ചതേയുള്ളൂ. പണം തന്നതൊക്കെ അയാളാ.

### ◆നമ്പർ

സുകുമാരൻ ഫോൺ വിളിച്ചിട്ട്: ഹലോ ഫയർ സ്റ്റേഷനല്ലേ.
അല്ല ഇത് പൊലീസ് സ്റ്റേഷനാണ്.
സുകുമാരൻ: സോറി, നിങ്ങൾ നമ്പർ വച്ചുമാറിയത് ഞാൻ അറിഞ്ഞില്ല.

### ◆കുടി

മദ്യപിച്ച് ആടി ആടി വരുന്ന തോമായോട് പള്ളീലച്ചൻ: എടാ മത്തായി നിനക്ക് കുറച്ച് കുടിക്കരുതോ.
മത്തായി: എനിക്കിനി വേണ്ടച്ചോ, ഇനിയും കുടിച്ചാൽ വീട്ടിൽ എത്താൻ പറ്റില്ല.

### ◆രാക്ഷസൻ

മമ്മി: വേഗം ഉറങ്ങിക്കോ... ഇല്ലെങ്കിൽ രാക്ഷസൻ വരും...
മോൾ: എനിച്ച്.... ഐസ്ക്രീമും ചോക്കളേറ്റും വാങ്ങിത്തരുമോ. ഇല്ലെങ്കിൽ ദിവസവും രാത്രി രാക്ഷസൻ വരുന്ന കാര്യം ഞാൻ പപ്പയോടു പറയും.




## അറിവ് ഒരു ആനന്ദം

1. തിരഞ്ഞെടുപ്പ് കമ്മിഷൻ നിഷേധ വോട്ട് രേഖപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്?
   2013 ഒക്ടോബർ 12
2. ലോകസുന്ദരിപ്പട്ടം നേടിയ ആദ്യത്തെ ഇന്ത്യക്കാരി?
   റീത്താഫാരിയ
3. വിശ്വസുന്ദരിപ്പട്ടം നേടിയ രണ്ടാമത്തെ ഇന്ത്യക്കാരി?
   ലാറ ദത്ത
4. സിറിയയിൽ രാസായുധ പ്രയോഗം നടന്നത്?
   2013 ആഗസ്റ്റ് 2
5. നിറവും മണവും ഇല്ലാത്ത രാസായുധമാണ്?
   സരിൻ
6. OPCW യുടെ ആസ്ഥാനം?
   ഹേഗ്
7. ഒരു ദേശത്തിന്റെ കഥ എഴുതിയത്?
   എസ്.കെ. പൊറ്റെക്കാട്
8. ഹോർത്തുസ് മലബാറിക്കസ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്?
   കെ.എസ്. മണിലാൽ
9. ഋഗ്വേദം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്?
   മാക്സ് മുള്ളർ
10. ഋഗ്വേദം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്?
    വള്ളത്തോൾ
11. എൻഡോസൾഫാൻ ദുരിതം അന്വേഷിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ച കമ്മിഷൻ?
    സി.ഡി. മായി കമ്മിഷൻ
12. ഗോവധം നിരോധിക്കണമെന്നത് ഏത് ആർട്ടിക്കിളിലെ നിർദ്ദേശമാണ്?
    48
13. എൻഡോസൾഫാൻ നിരോധിച്ച ആദ്യ രാജ്യം?
    ഫിലിപ്പൈൻസ്
14. കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ച വർഷം?
    2006
15. എൻഡോസൾഫാൻ ദുരന്തം ആദ്യമായി ജനശ്രദ്ധയിലെത്തിച്ച ഫോട്ടോഗ്രാഫർ?
    മധുരാജ്
16. ഏത് ശാസ്ത്രജ്ഞന്റെ പേരാണ് ശ്രീഹരിക്കോട്ട റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിന് നൽകിയിരിക്കുന്നത്?
    സതീഷ് ധവാൻ
17. ലോകത്ത് പുകയില നിരോധിച്ച ആദ്യ രാജ്യം?
    ഭൂട്ടാൻ
18. ഇന്ത്യയിലെ ആദ്യത്തെ പുകയില വിരുദ്ധ ജില്ല?
    കോട്ടയം

## HEALTH ZONE

# താരനും ചൂടുകുരുവും

താരൻ എന്നത് തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ്. ശരിക്കും ഇതിനെ ത്വക്ക് രോഗം എന്ന് പറയാൻ കഴിയില്ല. നമ്മുടെ തൊലിയിൽ ദിനംപ്രതി അനവധി കോശങ്ങൾ ഇളകി പൊഴിയുന്നുണ്ട്. എണ്ണമയം കൂടുതലുള്ള ത്വക്ക് ഉള്ളവരിൽ പൂപ്പൽബാധ ഈ കോശങ്ങളിലുണ്ടാവുകയും തന്മൂലം തലയിൽ ചുവപ്പു നിറമുണ്ടാവുകയും തൊലി കട്ടിപിടിക്കുകയും ചൊറിച്ചിൽ ഉണ്ടാവുകയും ചെയ്യും. സെബോറിക് ഏരിയാസ് എന്നു പറയുന്ന ചില ഭാഗങ്ങളിൽ ( കൺപോളകൾ, മൂക്കിന്റെ വശങ്ങൾ, നെഞ്ച്, പുറം) ഈ ഗ്രന്ഥികൾ കൂടുതലായി കാണപ്പെടുകയും അവിടെയെല്ലാം ചെതുമ്പൽ പോലെ തൊലി ഇളകുകയും ചൊറിച്ചിലുണ്ടാവുകയും ചെയ്യും. ചില മരുന്നുകൾ കഴിക്കുമ്പോൾ, ഇതേ ലക്ഷണങ്ങൾ കാണാം. തലയിൽ ഇൻഫ്ളമേഷൻ കാരണം മുടി കൊഴിയുകയും ചെയ്യും.

### ചികിത്സ

ആന്റി ഫംഗൽ ഔഷധങ്ങൾ അടങ്ങിയ ഷാമ്പൂ ഉപയോഗിക്കുക, വളരെയധികം ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ ടാർ, സ്റ്റീറോയ്ഡ് അടങ്ങിയ ഷാംപൂ ഉപയോഗിക്കാം.

### ചൂടുകുരു

സ്വേദഗ്രന്ഥികളുടെ ഇൻഫ്ളമേഷൻ മൂലമാണ് ചൂടുകുരു ഉണ്ടാകുന്നത്. അന്തരീക്ഷത്തിലെ താപനില വർദ്ധിക്കുമ്പോൾ സ്വേദഗ്രന്ഥികൾ വികസിക്കുകയും നാളികൾ പൊട്ടുകയും ചുറ്റും അതിന്റെ റിയാക്ഷൻ മൂലം കുരുക്കൾ ഉണ്ടാവുകയും ചെയ്യും.

തണുത്ത വെള്ളത്തിൽ സോപ്പുപയോഗിക്കാതെ 3-4 തവണ കുളിക്കുകയും, കലാമിൻ അടങ്ങിയ ലോഷൻ പുരട്ടുകയും ചെയ്യാം. സ്വേദ ഗ്രന്ഥികളുടെ പ്രവർത്തനം കുറയ്ക്കാൻ വൈറ്റമിൻ സി. അടങ്ങിയ ഗുളികകൾ കഴിക്കാം.

(തുടരും)

ഡോ. ശ്രീരേഖാ പണിക്കർ
കൺസൾട്ടന്റ്
ഡെർമറ്റോളജി
എസ്.യു.ടി പട്ടം,
തിരുവനന്തപുരം
ഫോൺ: 0471 4077777

